# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *6 — 08/06/2015-ന് മറുപടിക്ക്

### മലയാളം ഔദ്യോഗിക ഭാഷയാക്കാൻ കർമ്മ പദ്ധതികൾ

**ചോദ്യം**

ശ്രീ. വി.ഡി.സതീശൻ
ശ്രീ. കെ. അച്ചുതൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. കെ.മുരളീധരൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം ഔദ്യോഗിക ഭാഷയാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേ ശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/സ്വയംഭരണ/ പൊതുമേഖല/സഹകരണ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമ പരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യ ങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാ |

| | | | |
|---|---|---|---|
| | | | വശ്യങ്ങൾക്കും മലയാളം ഉപയോഗി ക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മേഖലകളി ലാണ് ഇത് പ്രാവർത്തിക മാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/സഹകരണ/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്റ്റ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ